**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1538** **04-07-2022 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര റഗുലേറ്റിംഗ് മാർക്കറ്റിംഗ് സൊസൈറ്റിയുടെ സ്ഥലം സംബന്ധിച്ച കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാരിന്റെ കൈവശമുള്ള പേരാമ്പ്ര റഗുലേറ്റിംഗ് മാർക്കറ്റിംഗ് സൊസൈറ്റിയുടെ സ്ഥലം സംബന്ധിച്ച് എന്തെങ്കിലും കേസ് ഹൈക്കോടതിയിൽ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. കൊയിലാണ്ടി താലൂക്ക് മേഞ്ഞാണ്യം വില്ലേജിൽ പേരാമ്പ്ര ടൗണിൽ മലബാർ മാർക്കറ്റിംഗ് സൊസൈറ്റിക്ക് വേണ്ടി 1.43 ഏക്കർ ഭൂമി ഏറ്റെടുത്തിരുന്നു. കമ്മിറ്റി പ്രവർത്തനം അവസാനിപ്പിച്ചതിനെ തുടർന്ന് മുൻ ഭൂവുടമകളിൽ നിന്ന് നിലവിലുള്ള മാർക്കറ്റ് വിലയും പലിശയും ഈടാക്കി ഭൂമി തിരികെ നൽകുന്നതിന് 29.07.2003 ലെ സ.ഉ(സാധാ)2219/03/റവ പ്രകാരം ഉത്തരവായിരുന്നു. എന്നാൽ കക്ഷികൾ പ്രസ്തുത തുക ഒടുക്കി ഭൂമി പോക്കുവരവ് ചെയ്ത് നികുതി ഒടുക്കാത്തതിനാൽ 16.09.2019 ലെ സ.ഉ(സാധാ)2539/2019/റവ, 11.12.2019 ലെ സ.ഉ(സാധാ)3708/2019/റവ എന്നിവ പ്രകാരം പ്രസ്തുത ഭൂമി ഏറ്റെടുത്ത് കയ്യേറ്റങ്ങൾ ഇല്ലാതെ സംരക്ഷിക്കാൻ ഉത്തരവായിരുന്നു. ആയത് പ്രകാരം ഭൂമി ഏറ്റെടുത്ത് ജില്ലാ കളക്ടർ നടപടികൾ പൂർത്തീകരിച്ചിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ മുൻ ഭൂവുടമകളുടെ അനന്തരാവകാശികൾ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ പി സി 26933/2019 ഹർജിയിലെ 10.10.2019 ലെ ഇടക്കാല വിധിയിൽ പ്രസ്തുത ഉത്തരവ് സ്റ്റേ ചെയ്തിട്ടുള്ളതാണ്. സ്റ്റേ പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് സത്യവാങ്മൂലം സർക്കാർ കോടതിയിൽ സമർപ്പിച്ചിട്ടുള്ളതും അന്തിമ വിധി പുറപ്പെടുവിച്ചിട്ടില്ലാത്തതുമാണ്. |
| (ബി) | കേസിൽ അഫിഡവിറ്റ് സമർപ്പിക്കുന്നതിനായി ഗവ. പ്ലീഡർ എന്തെങ്കിലും രേഖ റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത രേഖ നൽകിയിട്ടുണ്ടോ; | (ബി) | ആവശ്യപ്പെട്ടിരുന്നു. ആയത് നൽകിയിട്ടുള്ളതുമാണ് |
| (സി) | കോടികൾ വിലമതിക്കുന്ന പ്രസ്തുത ഭൂമി സർക്കാരിൽ | (സി) | കോടതി വിധിയുടെ അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | തന്നെ നിലനിർത്തുന്ന കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ? | | തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ